REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 04-04-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **വഖഫ് ഭേദഗതി ബിൽ പാർലമെന്റ് പാസാക്കി. 95 നെതിരെ 128 വോട്ടിനാണ് രാജ്യസഭ ബിൽ പാസാക്കിയത്.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ബാങ്കോക്കിൽ ആറാമത് ബിംസ്റ്റെക് ഉച്ചകോടിയിൽ പങ്കെടുക്കും.**
- **കോഴിക്കോട് സാമൂതിരി KC ഉണ്ണിയനുജൻ രാജ അന്തരിച്ചു.**
- **ISL ഫുട്ബോൾ സെമിഫൈനൽ ആദ്യപാദത്തിൽ ജംഷഡ്പൂർ FC ക്ക് വിജയം.**

## വാർത്തകൾ വിശദമായി

വഖഫ് ഭേദഗതി ബിൽ പാർലമെന്റ് പാസാക്കി. പുലർച്ചെ വരെ നീണ്ട ചർച്ചയ്ക്കൊടുവിൽ 95 നെതിരെ 128 വോട്ടിന് രാജ്യസഭ ബില്ലിന് അംഗീകാരം നൽകി. 12 മണിക്കൂറിലേറെ ബിൽ ചർച്ച നീണ്ടു. ലോക്സഭ ഇന്നലെ പുലർച്ചെ ബിൽ പാസാക്കിയിരുന്നു. ഭേദഗതി ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുന്നതോടെ നിയമം പ്രാബല്യത്തിൽ വരും.

ഡെസ്ക്ക് റിപ്പോർട്ട്.

....(വോയ്സ്)...

വഖഫ് സ്വത്ത് നടത്തിപ്പ് ഏകീകരിക്കാനും, പൈതൃക പ്രദേശങ്ങൾ സംരക്ഷിക്കാനും, സാമൂഹ്യ ക്ഷേമം ഉറപ്പു വരുത്താനും ലക്ഷ്യമിട്ടാണ് ഭേദഗതിബിൽ കൊണ്ടുവന്നത്. മുസ്ലീം സമുദായത്തിലെ

വിവാഹമോചിതകൾക്കും, വിധവകൾക്കും സാമൂഹ്യ - സാമ്പത്തിക സുരക്ഷ ലഭ്യമാക്കാനും ബിൽ വിഭാവനം ചെയ്യുന്നു.

കോടിക്കണക്കിന് പാവപ്പെട്ട മുസ്ലീങ്ങൾക്ക് പ്രയോജനപ്പെടുന്ന ബിൽ ഇസ്ലാം മതത്തിലെ ഒരാൾക്കു പോലും ദോഷമുണ്ടാക്കില്ലെന്ന് ബിൽ ചർച്ചയ്ക്ക് മറുപടി പറഞ്ഞ കേന്ദ്രമന്ത്രി കിരൺ റിജിജു വ്യക്തമാക്കി. മോദി ഗവൺമെന്റ് ഒരു സമുദായത്തിന്റെയും അവകാശങ്ങൾ തട്ടിയെടുക്കാൻ ആഗ്രഹിക്കുന്നില്ലെന്നും റിജിജു പറഞ്ഞു.

ഭേദഗതി ബില്ലിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന 22 അംഗ കേന്ദ്ര വഖഫ് കൗൺസിലിൽ ഔദ്യോഗിക അംഗങ്ങൾക്ക് പുറമെ നാലിലേറെ മുസ്ലീം ഇതര അംഗങ്ങൾ ഉണ്ടാവില്ല. 11 അംഗ വഖഫ് ബോർഡിൽ മുസ്ലീം ഇതര അംഗങ്ങളുടെ എണ്ണം മൂന്നായിരിക്കും. ചർച്ചയിൽ പങ്കെടുത്ത കേന്ദ്രമന്ത്രി JP. നദ്ദ വഖഫ് സ്വത്തിന്റെ ശരിയായ നടത്തിപ്പും, പരിഷ്ക്കരണവുമാണ് ബില്ലിന്റെ ലക്ഷ്യമെന്ന് വിശദീകരിച്ചു.

✪✪✪

ചർച്ചയിൽ പങ്കെടുത്ത കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയും കോൺഗ്രസ് MP മാരും ബില്ലിനെ എതിർത്തു. DMK, ശിവസേന UBT, NCP, അംഗങ്ങളും ബില്ലിനെ എതിർത്ത് സംസാരിച്ചു. 1923 ലെ മുസൽമാൻ വഖഫ് ആക്ട് പിൻവലിക്കുന്ന ബില്ലും ഇതോടൊപ്പം പാർലമെന്റ് പാസാക്കി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ബാങ്കോക്കിൽ ആറാമത് ബിംസ്റ്റെക് ഉച്ചകോടിയിൽ പങ്കെടുക്കും. ബാങ്കോക്ക് വിഷൻ -2030 ഉച്ചകോടി പാസാക്കും. ബിംസ്റ്റെക്കിന്റെ ഭാവി പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗരേഖയും ഉച്ചകോടി അംഗീകരിക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(.വോയ്സ്) .......

രണ്ടു ദിവസത്തെ സന്ദർശനത്തിന് ഇന്നലെയാണ് പ്രധാനമന്ത്രി നരേന്ദ്രമോദി തായ്ലൻഡിലെത്തിയത്. തായ് പ്രധാനമന്ത്രി പീടോങ്ടാൻ ഷിനവത്രയുമായി അദ്ദേഹം ഉഭയകക്ഷി ചർച്ച നടത്തി. വിവിധ മേഖലകളിൽബന്ധങ്ങൾ കൂടുതൽ ശക്തമാക്കാനാവശ്യമായ നടപടികൾ ഇരുനേതാക്കളും ചർച്ച

ചെയ്തു. ഇരുരാജ്യങ്ങളുടെയും സംയുക്ത പ്രഖ്യാപനം കൈമാറുന്ന ചടങ്ങിൽ നരേന്ദ്രമോദിയും ഷിനവത്രയും പങ്കെടുത്തു.

ബിംസ്റ്റെക് ഉച്ചകോടിയ്ക്കു ശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി മൂന്ന് ദിവസത്തെ ശ്രീലങ്കൻ സന്ദർശനത്തിന് യാത്ര തിരിക്കും. ശ്രീലങ്കൻ പ്രസിഡണ്ട് അനുര കുമാര ദിസനായകെ-യുമായി ഉഭയകക്ഷി ചർച്ച നടത്തും.

✪✪✪

മാസപ്പടി കേസിൽ മുഖ്യമന്ത്രിയുടെ മകൾ വീണാവിജയനെ SFIO പ്രതി ചേർത്ത സാഹചര്യത്തിൽ മുഖ്യമന്ത്രി പിണറായി വിജയന് ഒരു നിമിഷം പോലും മുഖ്യമന്ത്രി സ്ഥാനത്ത് തുടരാൻ അർഹതയില്ലെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. അഴിമതിയുടെ ധാർമ്മിക ഉത്തരവാദിത്തം ഏറ്റെടുത്ത് മുഖ്യമന്ത്രി രാജിവയ്ക്കണമെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തലയും മുഖ്യമന്ത്രി രാജി വയ്ക്കണമെന്ന് ആവശ്യപ്പെട്ടു. ഇന്നു വൈകിട്ട് എല്ലാ മണ്ഡലം കോൺഗ്രസ് കമ്മിറ്റികളുടെയും നേതൃത്വത്തിൽ പിണറായി വിജയന്റെ കോലം കത്തിച്ച് പ്രകടനം നടത്തുമെന്ന് KPCC ജനറൽ സെക്രട്ടറി M.ലിജു അറിയിച്ചു.

✪✪✪

മാസപ്പടി കേസിൽ വീണാ വിജയനെ SFIO പ്രതി ചേർത്ത സാഹചര്യത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ രാജിവയ്ക്കണമെന്ന് BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖറും ആവശ്യപ്പെട്ടു. പിണറായി വിജയന്റെ രാജി ആവശ്യപ്പെട്ട് BJP എല്ലാ ജില്ലാ കേന്ദ്രങ്ങളിലും കോലം കത്തിച്ച് പ്രതിഷേധം നടത്തും.

✪✪✪

ആശാ പ്രവർത്തകരുടെ രാപകൽ സമരം 54-ാം ദിവസത്തിലേയ്ക്ക് കടന്നു. സെക്രട്ടേറിയറ്റിനു മുന്നിലെ അനിശ്ചിതകാല നിരാഹാര സമരം 16-ാം ദിവസത്തിലേക്കും പ്രവേശിച്ചു.

ഇന്നലെ ആശാ പ്രവർത്തകരുമായി മൂന്നാം തവണ നടത്തിയ ചർച്ചയും പരാജയപെട്ടു. തീരുമാനമുണ്ടാകാത്ത സാഹചര്യത്തിൽ ഇന്ന് വീണ്ടും ചർച്ചയുണ്ടായേക്കും.

✪✪✪

കോഴിക്കോട് സാമൂതിരി KC ഉണ്ണിയനുജൻ രാജ അന്തരിച്ചു. അദ്ദേഹത്തിന് 100 വയസ്സായിരുന്നു. കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ഇന്നലെ

വൈകിട്ടായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം. 2014 മുതൽ സാമൂതിരി രാജയായി പ്രവർത്തിച്ചു വരികയായിരുന്നു.

ഭൗതികശരീരം രാവിലെ എട്ടു മുതൽ 11 വരെ കോഴിക്കോട് ടൗൺഹാളിൽ പൊതുദർശനത്തിന് വയ്ക്കും. തുടർന്ന് ജന്മഗൃഹമായ മലപ്പുറം കോട്ടക്കൽ കിഴക്കേ കോവിലകത്തേക്ക് കൊണ്ടുപോകും. കോവിലകം ശ്മശാനത്തിൽ ഉച്ചകഴിഞ്ഞായിരിക്കും സംസ്കാരകർമ്മങ്ങൾ.

ഗുരുവായൂർ ദേവസ്വം ബോർഡ് അംഗമായ അദ്ദേഹം തളി മഹാദേവക്ഷേത്രം ഉൾപ്പടെ 45 ഓളം ദേവസ്വങ്ങളുടെ ട്രസ്റ്റിയായിരുന്നു. ഗുരുവായുരപ്പൻ കോളെജ്, ഗുരുവായുരപ്പൻ സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളുടെ ചുമതലയും വഹിച്ചിരുന്നു.

ഉണ്ണിയനുജൻ രാജയുടെ നിര്യാണത്തിൽ BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ അനുശോചനം അറിയിച്ചു.

✪✪✪

ശാരീരിക അസ്വസ്ഥതയെ തുടർന്ന് മുതിർന്ന CPIM നേതാവും ഉടുമ്പൻചോല MLA യുമായ MM മണിയെ മധുര അപ്പോളോ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പാർട്ടി കോൺഗ്രസിൽ പങ്കെടുക്കുന്നതിനിടെ ഇന്നലെ ഉച്ചയോടെയാണ് അദ്ദേഹത്തിന് ശാരീരിക പ്രശ്നങ്ങളുണ്ടായത്. അദ്ദേഹം വെന്റിലേറ്ററിലാണ് കഴിയുന്നത്.

✪✪✪

കണ്ണൂർ ജില്ല നാളെ ഹരിത ശുചിത്വ ജില്ലയായി മാറും. ജില്ലാ പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ നാളെ രാവിലെ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പ്രഖ്യാപനം നടത്തും.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

....(വോയ്സ്).....

✪✪✪

കാസർകോട് ജില്ലയെയും നാളെ മാലിന്യമുക്തമായി പ്രഖ്യാപിക്കും. ടൗൺഹാളിൽ ഉച്ചകഴിഞ്ഞ് സംഘടിപ്പിക്കുന്ന ചടങ്ങിൽ രാജ്മോഹൻ ഉണ്ണിത്താൻ MP ജില്ലാതല പ്രഖ്യാപനം നടത്തും. ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് ബേബി ബാലകൃഷ്ണൻ അധ്യക്ഷനായിരിക്കും. ചീഫ് സെക്രട്ടറി ശാരദാ

മുരളീധരൻ വിശിഷ്ടാതിഥിയായി പങ്കെടുക്കും. MLA മാരും മറ്റു ജനപ്രതിനിധികളും ചടങ്ങിൽ പങ്കെടുക്കും.

✪✪✪

ISL ഫുട്ബോൾ സെമിഫൈനൽ ആദ്യപാദത്തിൽ ജംഷഡ്പൂർ FC ക്ക് വിജയം. ജംഷഡ്പൂരിൽ ഒന്നിനെതിരെ രണ്ട് ഗോളിന് മോഹൻ ബഗാനെ ജംഷഡ്പൂർ പരാജയപ്പെടുത്തി.

✪✪✪

I ലീഗ് രണ്ടാം ഡിവിഷൻ ഫുട്ബോൾ മത്സരത്തിൽ സാറ്റ് FC കേരള- ഐെസോൾ ച്യാൻമാരി FC മത്സരം സമനിലയിൽ പിരിഞ്ഞു. മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ ഇരുടീമുകളും ഓരോ ഗോളടിച്ചു.

സാറ്റ് FC യുടെ പയ്യനാട്ടെ അടുത്ത മത്സരം ഈ മാസം 11 ന് DHFC കൊൽക്കത്തയുമായാണ്.

✪✪✪

15-ാമത് ഹോക്കി ഇന്ത്യ - സീനിയർ പുരുഷ ദേശീയ ചാമ്പ്യൻഷിപ്പിന് ഇന്ന് തുടക്കമാകും. ഉത്തർപ്രദേശിലെ ഝാൻസിയിൽ മേജർ ധ്യാൻ ചന്ദ് ഹോക്കി സ്റ്റേഡിയത്തിലാണ് മത്സരങ്ങൾ. ടൂർണമെന്റ് ഈ മാസം15 ന് സമാപിക്കും.

✪✪✪

ലോകകപ്പ് ബോക്സിംഗിൽ ഇന്ത്യൻ താരങ്ങളായ മനീഷ് രാത്തോഡ്, ഹിതേഷ്, അഭിനാഷ് ജാംവാൾ എന്നിവർ സെമിഫൈനലിൽ പ്രവേശിച്ചു. ഇതോടെ ഇന്ത്യയ്ക്ക് മൂന്ന് മെഡലുകൾ കൂടി ഉറപ്പായി.

✪✪✪

IPL ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, സൺ റൈസേഴ്സ് ഹൈദരാബാദിനെ കൊൽക്കത്തയിൽ 80 റൺസിന് പരാജയപ്പെടുത്തി. ഇന്ന് ലക്നൗ സൂപ്പർജയന്റ്സ്, മുംബൈ ഇന്ത്യൻസിനെ നേരിടും. ലക്നൗ ഏകന സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

തൊടുപുഴ നഗരസഭ ചെയർമാനെ ഇന്ന് തിരഞ്ഞെടുക്കും. രാവിലെ 11 നാണ് തിരഞ്ഞെടുപ്പ്. ചെയർപഴ്സനായിരുന്ന CPIM അംഗം സബീന ബിഞ്ചുവിനെ UDF അവിശ്വാസത്തിലൂടെ പുറത്താക്കിയതോടെയാണ് പുതിയ ചെയർമാനെ

തിരഞ്ഞെടുക്കുന്നത്. ചെയർമാൻ തിരഞ്ഞെടുപ്പിൽ നിന്ന് വിട്ടുനിൽക്കാൻ BJP കൗൺസിലർമാർക്ക് വിപ്പ് നൽകിയിട്ടുണ്ട്. സ്ഥാനാർത്ഥി ആരാകണമെന്ന കാര്യത്തിൽ LDF ഉം, UDF ഉം തീരുമാനം അറിയിച്ചിട്ടില്ല.

✪✪✪

മുണ്ടക്കൈ-ചൂരൽമല അതിജീവിതർക്കായി കൽപ്പറ്റയിൽ ഒരുക്കുന്ന മാതൃക ടൗൺഷിപ്പിലേക്ക് നൽകിയ സമ്മതപത്രങ്ങളുടെ പരിശോധന ഇന്ന് ആരംഭിക്കും. മേപ്പാടി ഗ്രാമപഞ്ചായത്ത് ഓഫീസിലേക്കും, വെള്ളരിമല വില്ലേജ് ഓഫീസിലേക്കും സമ്മതപത്രം നൽകിയവരുടെ വിവരങ്ങൾ കൈമാറിയിട്ടുണ്ട്.

രണ്ടാം ഘട്ട പട്ടികയിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് സമ്മതപത്രം നൽകാൻ അനുവദിച്ച സമയപരിധി ഇന്നലെ അവസാനിച്ചു. 20 പേർ സമ്മതപത്രം കൈമാറി. നാലു പേർ സമ്മതപത്രം നൽകിയില്ല.

✪✪✪

വയനാട്ടിലെ ചൂരൽമല - മുണ്ടക്കൈ ദുരന്തമേഖലയിൽ കർശന സന്ദർശന നിയന്ത്രണം തുടരുമെന്ന് ജില്ലാ പൊലീസ് മേധാവി തപോഷ് ബസുമതാരി അറിയിച്ചു. വിനോദ സഞ്ചാരികൾ ദുരന്തമേഖല സന്ദർശിക്കുന്നത് തടയും.

നിരോധിത മേഖലയായി പ്രഖ്യാപിച്ച സ്ഥലങ്ങളിൽ നിലവിൽ പ്രദേശവാസികൾക്കും കൃഷി ആവശ്യങ്ങൾക്കായി പോകുന്നവർക്കും മാത്രമാണ് പ്രവേശനം അനുവദിക്കുന്നത്.

✪✪✪

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ പുതുതായി 56 പോളിംഗ് ബൂത്തുകൾ കൂടി നിലവിൽ വരും. ഇതോടെ ബൂത്തുകളുടെ എണ്ണം 260 ആകും.

വോട്ടിംഗ് സുഗമമായി നടത്താനും നീണ്ട വരി ഇല്ലാതാക്കാനും വേണ്ടിയാണ് സ്ഥലം മാറ്റാതെ പുതിയ പോളിംഗ് ബൂത്തുകൾ സ്ഥാപിക്കുന്നതെന്നും, ഇക്കാര്യത്തിൽ രാഷ്ട്രീയ നേതാക്കളുടെ സഹകരണം വേണമെന്നും ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു.

✪✪✪

കോഴിക്കോട് കാരന്തൂരിലെ ടൂറിസ്റ്റ് ഹോമിൽ നിന്ന് 222ഗ്രാമോളം MDMA കണ്ടെടുത്ത കേസിലെ അഞ്ചാം പ്രതി വെള്ളിപറമ്പ് സ്വദേശി റിഥു ബർഷാദിനെ കുന്ദമംഗലം പൊലീസ് പിടികൂടി. വിദേശത്തേക്ക് കടന്ന ഇയാൾ ഇന്നലെ കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിൽ

തിരികെയെത്തിയപ്പോൾ എമിഗ്രേഷൻ വിഭാഗത്തിന്റെ സഹായത്തോടെ പൊലീസ് റിഥുവിനെ പിടികൂടുകയായിരുന്നു.

✪✪✪

നിർദ്ദിഷ്ട കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണം ത്വരിതപ്പെടുത്താൻ ചീഫ് സെക്രട്ടറി നടപടിയെടുക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജുനാഥ് ആവശ്യപ്പെട്ടു. ജില്ലയിൽ ആരോഗ്യമേഖലയിലെ സംവിധാനങ്ങൾ അപര്യാപ്തമായതിനാൽ ജനങ്ങൾക്ക് കർണാടകയെ ആശ്രയിക്കേണ്ട സാഹചര്യമാണെന്ന പരാതിയിലാണ് കമ്മീഷൻ ഉത്തരവ്.

✪✪✪

---

*News Reader: അനിൽ ചന്ദ്രൻ*
*News Team: ഫസ്ന ഫാത്തിമ, നിമിഷ ജി*
*DEO: ഷീബ*